**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 57** **23-06-2026-ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ ഡി ഹണ്ടും ഓപ്പറേഷൻ തൂഫാനും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. വി. ജോയി

ശ്രീ. സജി ചെറിയാൻ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. കെ. പ്രേമൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് മയക്കുമരുന്ന് വിൽപ്പനക്കാരെ പിടികൂടാൻ മുൻ സർക്കാർ ആരംഭിച്ച ഓപ്പറേഷൻ ഡി-ഹണ്ട് എന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

**മറുപടി:** ഇല്ല.

**(ബി)** ഓപ്പറേഷൻ ഡി ഹണ്ടും ഓപ്പറേഷൻ തൂഫാനും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങൾ വിശദമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് നിരോധിത മയക്കുമരുന്ന് ഉൽപ്പന്നങ്ങളുടെ വ്യാപനവും വിതരണവും ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി വിവിധ തലങ്ങളിൽ പ്രത്യേക പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. മുൻകാലങ്ങളിൽ ജില്ലകളിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും **ഡി-ഹണ്ട്** എന്ന പ്രത്യേക ഡ്രൈവ് നടപ്പിലാക്കി മയക്കുമരുന്ന് സംബന്ധമായ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും പ്രതികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിരുന്നു. നിലവിൽ, ഈ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഓപ്പറേഷൻ തൂഫാൻ എന്ന സംസ്ഥാനതല പദ്ധതി നടപ്പിലാക്കി വരുന്നു. **ഓപ്പറേഷൻ തൂഫാൻ** പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 84 സബ് ഡിവിഷനുകളിലായി പ്രത്യേക ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീമുകളുടെ സഹായത്തോടെ നിരോധിത മയക്കുമരുന്ന് ഉൽപ്പന്നങ്ങൾ ലഭ്യമാകുന്ന ഉറവിടങ്ങൾ കണ്ടെത്തി തടയുന്നതിനും, വിതരണ ശൃംഖലകൾ തകർക്കുന്നതിനും, ഇതുമായി ബന്ധപ്പെട്ട സമഗ്ര അന്വേഷണങ്ങൾ നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ, ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി മയക്കുമരുന്ന് ഉറവിടങ്ങളെക്കുറിച്ചുള്ള രഹസ്യവിവര ശേഖരണവും വിശകലനവും ശകതിപ്പെടുത്തുന്നതിനായി സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിൽ **T-Int (Toofan Intelligence)** എന്ന പ്രത്യേക പദ്ധതി രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതിലൂടെ മയക്കുമരുന്ന് കടത്ത്, സംഭരണം, വിതരണം എന്നിവയുമായി ബന്ധപ്പെട്ട ശൃംഖലകളെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.

**(സി)** ഓപ്പറേഷൻ ഡി ഹണ്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെയും അറസ്റ്റ് ചെയ്തിട്ടുള്ളവരുടെയും എണ്ണം, അതുവഴി പിടിച്ചെടുത്ത ലഹരി സാധനങ്ങൾ ഏതെല്ലാം എന്നിവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേരള പോലീസിന്റെ മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ഓപ്പറേഷൻ ഡി-ഹണ്ട് മുഖേന 2025 ഫെബ്രുവരി 22 മുതൽ 2026 ഏപ്രിൽ 30 വരെ സംസ്ഥാനത്തുടനീളം വ്യാപകമായ പരിശോധനകളും നിയമനടപടികളും സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ആകെ **36,363 കേസുകൾ** രജിസ്റ്റർ ചെയ്യുകയും **39,041 പ്രതികളെ** അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഓപ്പറേഷന്റെ ഭാഗമായി നടത്തിയ പരിശോധനകളിൽ നിന്ന് **38.228 കിലോഗ്രാം എം.ഡി.എം.എ (MDMA), 4,636.415 കിലോഗ്രാം കഞ്ചാവ്, 553.182 ഗ്രാം ബ്രൗൺ ഷുഗർ, 710.435 ഗ്രാം ഹെറോയിൻ, 7.034 കിലോഗ്രാം ഹാഷിഷ് ഓയിൽ, 3.425 കിലോഗ്രാം മെത്താംഫെറ്റമിൻ (Methamphetamine), 148.750 ഗ്രാം ട്രമഡോൾ (Tramadol), 382.970 ഗ്രാം ഹാഷിഷ്, 632 നൈട്രാസെപാം (Nitrasepam) ഗുളികകൾ, 30 അൽപ്രസോലം (Alprazolam) ഗുളികകൾ, കൂടാതെ 25,426 കഞ്ചാവ് ബീഡികൾ** എന്നിവ പിടിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മയക്കുമരുന്ന് ശൃംഖലകളെ കണ്ടെത്തി തകർക്കുന്നതിനും, നിരോധിത ലഹരി വസ്തുക്കളുടെ വിൽപ്പനയും വിതരണവും നിയന്ത്രിക്കുന്നതിനും, സമൂഹത്തിൽ മയക്കുമരുന്നിന്റെ വ്യാപനം തടയുന്നതിനും ഈ നടപടികൾ ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്.

**(ഡി)** ഓപ്പറേഷൻ ഡി ഹണ്ട് എന്നത് ഓപ്പറേഷൻ തൂഫാൻ എന്നു മാറ്റുക വഴി പ്രസ്തുത പരിപാടിയുടെ പേര് മാറ്റുക മാത്രമാണോ ചെയ്തത്; പുതിയതായി ഏതെങ്കിലും പ്രത്യേക അന്വേഷണം, നിയമ നടപടികൾ തുടങ്ങിയവ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് നിരോധിത മയക്കുമരുന്ന് ഉൽപ്പന്നങ്ങളുടെ വ്യാപനവും വിതരണവും നിയന്ത്രിക്കുന്നതിനായി കേരള പോലീസ് വിവിധ പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മുൻകാലങ്ങളിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഡി- ഹണ്ട് എന്ന പ്രത്യേക ഡ്രൈവ് നടത്തി മയക്കുമരുന്ന് സംബന്ധമായ കുറ്റകൃത്യങ്ങൾ കണ്ടെത്തുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. നിലവിൽ, ഈ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന തലത്തിൽ **ഓപ്പറേഷൻ തൂഫാൻ** പദ്ധതി നടപ്പിലാക്കി വരുന്നു. ലഹരിമരുന്നിന്റെയും മയക്കുമരുന്ന് മാഫിയകളുടെയും വ്യാപനത്തിനെതിരെ സംസ്ഥാന ആഭ്യന്തര വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്രമായ ലഹരിവിരുദ്ധ പദ്ധതിയാണ് **ഓപ്പറേഷൻ തൂഫാൻ (Operation Toofan).** 2026 ജൂൺ ആദ്യവാരത്തിൽ ആരംഭിച്ച ഈ സംസ്ഥാനതല പദ്ധതിയുടെ പ്രധാന ലക്ഷ്യം സ്കൂൾ-കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമിടുന്ന ലഹരിസംഘങ്ങളെയും അന്തർസംസ്ഥാന മയക്കുമരുന്ന് ശൃംഖലകളെയും കണ്ടെത്തി നിയമപരമായി ശക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. ലഹരി വസ്തുക്കൾ പിടിച്ചെടുക്കുന്നതിൽ മാത്രം ഒതുങ്ങാതെ പ്രതിരോധം, ബോധവൽക്കരണം, പുനരധിവാസം എന്നീ മേഖലകളെ ഏകോപിപ്പിച്ച് കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി രഹസ്യാന്വേഷണം, അതിർത്തി പരിശോധനകൾ, വ്യാപക റെയ്ഡുകൾ എന്നിവ ഉൾപ്പെടുന്ന **Toofan Strike**, സമൂഹത്തിൽ ലഹരിവിരുദ്ധ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനുള്ള **Toofan Warriors**, ലഹരിക്ക് അടിമപ്പെട്ടവരുടെ കൗൺസിലിംഗും പുനരധിവാസവും ലക്ഷ്യമിടുന്ന **Toofan Care** എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തിവരുന്നു. മയക്ക് മരുന്ന് ശൃംഖലയുടെ ഉത്ഭവം/ ഉറവിടസ്ഥാനം കണ്ടെത്തി ആയതിന്റെ വേര് അറുത്തുമാറ്റുക എന്നതാണ് ഓപ്പറേഷൻ തൂഫാൻ വഴി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതാണ് ഓപ്പറേഷൻ ഡി ഹണ്ട്-ൽ നിന്നും ഇതിനെ വ്യത്യസ്തം ആക്കുന്നത്.

**സെക്ഷൻ ഓഫീസർ**